LIBRARY ARCHIVES Kerala Legislative Assembly

## പാരാമെഡിക്കൽ ജീവനക്കാരുടെ പ്രശ്നങ്ങൾ

**83 (8143)** ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും പാരാമെഡിക്കൽ രംഗത്തേയും പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിന് ഒരു കമ്മീഷനെ നിയമിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്ത മാക്കുമോ ;

(ബി) ഇവരുടെ കോമ്പൻസേറ്ററി അവധി, ആശുപത്രി വനിതാ ജീവനക്കാരുടെ യൂണിഫോം, ഡി.എം.ഇ.-യിലെ ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസിന്റെ പൂർത്തീകരണം, സംസ്ഥാനത്ത് ഒരു ലബോറട്ടറി കൗൺസിൽ രൂപീകരണം എന്നീ കാര്യങ്ങൾ കമ്മീഷന്റെ പഠന വിഷയത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## തൃശ്ശൂർ മണ്ഡലത്തിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടനിർമ്മാണം

**84 (8144)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ ;

(ബി) കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെ യായെന്ന് വിശദമാക്കുമോ ;

(സി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത് ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനു മതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് ഏത് ഏജൻസിയാണ് വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഉടങ്ങിയിട്ടില്ല.

(ബി) ഉണ്ട്. 20-6-2014-ന് തൃശൂർ ഗ്രാമപഞ്ചായത്തിൽനിന്നും ആരോഗ്യ വകുപ്പിന് സ്ഥലം കൈമാറിയിട്ടുണ്ട്.

(സി) ഉണ്ട്. ഉത്തരവ് നമ്പർ ജി.ഒ. (ആർ‌റ്റി.) 3600/2013/എച്ച്.എഫ്.ഡബ്ല്യു. തീയതി 25-10-2013 പ്രകാരം 375 ലക്ഷം രൂപയാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(ഡി) ബാധകമല്ല.

**സമ്പൂർണ്ണ ആയുർവ്വേദ സംസ്ഥാനമാക്കാൻ നടപടി**

**85 (8145)** ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തെ സമ്പൂർണ്ണ ആയുർവ്വേദ സംസ്ഥാനമാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ ആയുർവ്വേദ ചികിത്സയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ ലക്ഷ്യം കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഇല്ല. ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ ഘട്ടം ഘട്ടമായി ആരംഭിക്കുന്ന നടപടി നടന്നുവരുന്നു.

(ബി) ആയുർവ്വേദ ചികിത്സാ സൗകര്യം ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ അധിവസിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും ചികിത്സ ലഭ്യമാക്കുകയാണ് ഉദ്ദേശ്യം. ആയുർവ്വേദത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ഒരു ജീവിതരീതി തന്നെ രൂപപ്പെടുത്തിയെടുക്കുന്നതിന് സാധിക്കും.